# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിറവന്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/174/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിറവന്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/174/2022 തീയ്യതി: 20/07/2022

## കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 13-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 15-01-2022 | 01-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-01-2022 | 01-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി., ഓഡിറ്റ് ഓഫീസർ
ശ്രീ. അനന്ദനാരായണൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയകുമാരിയമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതാ സോമരാജൻ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീ. ആർ. ജയൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ അനസ് വൈ. | സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീ. ശ്രീകുമാർ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-06-2020 | 29-06-2020 |
| ശ്രീ. മണികണ്ഠൻ ആർ. | സെക്രട്ടറി | 29-06-2020 | 23-08-2020 |
| ശ്രീ. രാജു എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-08-2020 | 07-09-2020 |
| ശ്രീ. ശ്രീകുമാർ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2020 | 30-09-2020 |
| ശ്രീ മണികണ്ഠൻ ആർ. | സെക്രട്ടറി | 01-10-2020 | 08-02-2021 |
| ശ്രീ. ശ്രീകുമാർ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2021 | 09-03-2021 |
| ശ്രീ. മണികണ്ഠൻ ആർ. | സെക്രട്ടറി | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രേഷ്മ രമേഷ് | കൃഷി ഓഫീസർ | 01-04-2020 | 02-03-2021 |
| ശ്രീമതി ആര്യലക്ഷ്മി വി. | കൃഷി ഓഫീസർ | 02-03-2021 | 31-03-2021 |
| ഡോ.അനിൽ കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 02-09-2020 |
| ഡോ. മണിമോഹൻ | വെറ്ററിനറി സർജൻ അഡീഷണൽ ചാർജ്ജ് | 05-09-2020 | 31-10-2020 |
| ഡോ. അലോഷ്യസ് | വെറ്ററിനറി സർജൻ | 01-11-2020 | 31-03-2021 |
| ഡോ. സന്ധ്യാ സുധാകർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ.അഞ്ജന | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ഗീതാഞ്ജലി | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2020 | 14-01-2021 |
| ഡോ. തോമസ് കോശി | മെഡിക്കൽ ഓഫീസർ, (ആയുർവേദം),അഡീഷണൽ ചാർജ്ജ് | 14-01-2021 | 03-03-2021 |
| ഡോ.ജിജി.ജി. | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 04-03-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഹസീന എ. | വി.ഇ.ഓ.I | 01-04-2020 | 31-03-2021 |
| ശ്രീ.രതീഷ് ആർ. | വി.ഇ.ഓ.II | 01-04-2020 | 31-03-2021 |
| ശ്രീമതി.സോണി എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജനാർദ്ദനൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. ബാബു ശാമുവേൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. ജി. ശ്രീകുമാർ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ആശ വൈ.വി. | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 03-06-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Rajasree.C.R (Auditor, On 26-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-7 |
| 9 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി<br>Written By: Rajasree.C.R (Auditor, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-7.1 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-10 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-11 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-12 |
| 15 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 30-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-13 |
| 16 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില 4496/-രൂപ തിരികെ ഈടാക്കി.<br>Written By: Pradeep Kumar P (Audit Officer (HG), On 30-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-14 |

| | | |
|---|---|---|
| 17 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല: 261360/-രൂപയുടെ പദ്ധതി ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 31-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-15 |
| 18 | പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽനിർമ്മാണം: പദ്ധതി ചെലവിന് നിയമ സാധുതയില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-16 |
| 19 | മരാമത്ത് പ്രവൃത്തി - സ്റ്റെപ്പ് നിർമ്മാണം : അളവുകൾ രേഖപ്പെടുത്തിയതിൽ അപാകത-<br>Written By: Pradeep Kumar P (Audit Officer (HG), On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-17 |
| 20 | ആശ്രയ ഭക്ഷണക്കിറ്റ് നൽകുന്നത് സംബന്ധിച്ച്<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-18 |
| 21 | മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-19 |
| 22 | പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ മരുന്നു ലഭ്യമാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-20 |
| 23 | മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-21 |
| 24 | മാർഗ്ഗരേഖകൾ ലംഘിച്ച് എയ്ഡഡ് സ്കൂളുകൾക്ക് വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-22 |
| 25 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-23 |
| 26 | പകൽ വീടിന് ലൈബ്രറി - വാങ്ങിയ ബുക്കുകൾ ഉപയോഗപ്രദമാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-24 |
| 27 | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-25 |
| 28 | വാടക ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-26 |
| 29 | ലൈസൻസ് പിരിവിലെ അപാകതകൾ<br>Written By: Rajasree.C.R (Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-27 |
| 30 | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Anandanarayanan M (Asst. Audit Officer, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-28 |
| 31 | കെൽട്രോണിന് തുക നൽകിയെങ്കിലും 2 കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല.<br>Written By: Anandanarayanan M (Asst. Audit Officer, On 02-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 1-29 |
| 32 | എം.എൻ.ആർ.ഇ.ജി.എസ് - കിണർ നിർമ്മാണം - അളവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത<br>Written By: Pradeep Kumar P (Audit Officer (HG), On 02-02-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 19-07-2022) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മാർഗ്ഗരേഖകൾ ലംഘിച്ച് എയ്ഡഡ് സ്കൂളുകൾക്ക് വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി.<br>Written By: G.Ambili (Senior Grade Auditor, On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 3-1 |
| 2 | പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽനിർമ്മാണം : ചെലവ് തുക 2,83,324/- രൂപ നിരാകരിക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 3-2 |
| 3 | മരാമത്ത് പ്രവൃത്തി-സ്റ്റെപ്പ് നിർമ്മാണം:അളവുകൾ രേഖപ്പെടുത്തിയതിൽ അപാകത:16684/-രൂപായുടെ ചെലവുകൾ നിരാകരിക്കുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 01-02-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 3-3 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 19-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Rajasree.C.R (Auditor, On 29-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 29-01-2022)<br>Last Updated By: Naseer S (Computer Assistant, On 16-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.03.2020 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 02.07.21 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ 97/21 നമ്പർ പ്രോജക്ടിനായി 75,000/-രൂപാ അടങ്കൽ വച്ചിരിക്കുന്നത് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നാണ്. എന്നാൽ തുക ചെലവഴിച്ചിരിക്കുന്നത് തനതു ഫണ്ടിൽ നിന്നുമാണ്. പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) തൊഴിലുറപ്പ് പദ്ധതിയുടെ ഇ.എഫ്.എം.എസ് വഴിയുള്ള ആകെ ചെലവ് 8,58,97,606/- രൂപയാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം 8,46,59,187/- രൂപയാണ്. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിന്റെ വരവു ചെലവു കണക്കുകൾ വ്യത്യസ്തമാണ്.

3) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് 1,92,58,295/- രൂപ

എ.സി.ആർ പ്രകാരമുള്ള ചെലവ് – 1,89,57,675/- രൂപ

വ്യത്യാസം – 3,00,620/- രൂപ

305/20 നമ്പർ പ്രോജക്ടിനായി (മെയിന്റനൻസ് ഓഫ് പഞ്ചായത്ത് വെൽ) ചെലവഴിച്ച തുകയാണ് വ്യത്യാസം വന്നിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4) മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് എ.സി.ആറും വാർഷികകണക്കുകളും തമ്മിൽ 1,99,898/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. 455/21 നമ്പർ പ്രോജക്ടിനായി (ചീവോട് അങ്കണവാടി മെയിന്റനൻസ്) ചെലവഴിച്ച തുകയാണ് വ്യത്യാസം വന്നിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) ഡെപ്പോസിറ്റ് വർക്കിനായി വാട്ടർ അതോറിറ്റിക്ക് നൽകിയതിൽ ലഭ്യമായ അഞ്ചുലക്ഷം രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

6) Advance To Implementing Officer എന്ന പേരിൽ ചെലവഴിച്ചിരിക്കുന്ന 3,15,000/- രൂപയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല.

7) Capital Work In Progress ആയി ചേർത്തിരിക്കുന്ന 17,20,594/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

8) ലൈഫ് ലോൺ അക്കൗണ്ടിന്റെ ബാലൻസ് വിവരങ്ങൾ കൃത്യമല്ല

9) നിക്ഷേപപ്രവൃത്തിക്കായി നൽകിയ മുഴുവൻ തുകകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

10) ലൈഫ് സ്റ്റേറ്റ് ഷെയർ തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,32,11,825/- രൂപ |
| വരവ് | 14,54,36,497/- രൂപ |
| ആകെ | 17,86,48,322/- രൂപ |

| | |
|---|---|
| ചെലവ് | 16,13,40,306/- രൂപ |
| നീക്കിയിരിപ്പ് | 1,73,08,016/- രൂപ |
| വരവ് നഷ്ടം | - |
| നിരാകരിച്ച തുക | 6,06,472/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 66,67,689/- രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ | കുറിപ്പ് ക്യൂബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,46,54,500 | 3,46,54,500 | 3,40,10,342 | 6,44,158 | |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,47,57,000 | 1,47,57,000 | 1,45,28,574 | 2,28,426 | |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 12,89,000 | 12,89,000 | 8,64,863 | 4,24,137 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (ടൈഡ്) | 0 | 1,24,70,000 | 1,24,70,000 | 23,99,267 | 1,00,70,733 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (അൺടൈഡ്) | 0 | 2,51,91,689 | 2,51,91,689 | 1,68,59,028 | 83,32,661 | |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 3,07,76,000 | 3,07,76,000 | 2,43,69,782 | 64,06,218 | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 78,48,000 | 78,48,000 | 65,59,221 | 12,88,779 | |
| | | | | | | |
| ശുചിത്വ മിഷൻ | 20,46,219 | 35,26,535 | 55,72,754 | 15,99,081 | 39,73,673 | |
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 6,78,700 | 36,00,000 | 42,78,700 | 32,44,000 | 10,34,700 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | 34,83,905 | 12,41,689 | 47,25,594 | 15,15,595 | 32,09,999 | |
| എംജിഎൻആർഇജിഎ | 2,796 | 12,84,535 | 12,87,331 | 5,57,982 | 7,29,349 | |
| ആശ്രയ | 0 | 15,66,200 | 15,66,200 | 15,66,200 | 0 | |
| റ്റി.എസ്.സി | 28,44,989 | - | 28,44,989 | - | 28,44,989 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 437 | 22,60,57,437/- | 342 | 12,99,14,515/- | 7 | 88 | 78.26% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,796 | 12,84,535 | 12,87,331 | 5,57,981 | 7,29,350 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8,46,19,188 | 8,46,19,188 | 8,46,19,188 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,56,240 | 217 |
| കർഷകതൊഴിലാളി പെൻഷൻ | 1,24,12,500 | 4876 |
| വിധവാപെൻഷൻ | 3,01,34,400 | 10895 |
| വാർദ്ധക്യകാലപെൻഷൻ | 4,85,82,100 | 18938 |
| വികലാംഗപെൻഷൻ | 78,41,500 | 3047 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 8,35,900 | 310 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 5,70,000 | 19 |

### 1-7.1 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു:സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ, 8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | തിരികെ അടവാക്കാനുള്ള തുക ₹ |
|---|---|---|---|
| 1 | ഡെയ്സി, തടത്തിവിള വീട് മുക്കടവ്, എലിക്കാട്ടൂർ | 103250200832 | 52,100 |
| 2 | ഗൌരിക്കുട്ടി, മരുതി വിള വീട്, കുറവൂർ | 103250400539 | 22,100 |
| 3 | രാജേശ്വരി, രാജി ഭവൻ, വെട്ടിത്തിട്ട, മുക്കടവ് | 103250600266 | 54,800 |
| 4 | ഷീലാ കുമാരി, അർച്ചന, കമുകുംചേരി പി.ഒ. | 103250600839 | 52,000 |
| 5 | സരോജിനിഅമ്മ, രാമചന്ദ്രവിലാസം, ചെമ്പനരുവി പി.ഒ. | 103250601732 | 63,500 |
| ആകെ | | | 2,44,500 |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,614/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29- ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

സാമൂഹ്യപെൻഷനുകളുടെ വിതരണത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-7-1 കാണുക.) ഇക്കാര്യത്തിൽ ഓഫീസ് മേലധികാരിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്.

പൊതു മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ ഫണ്ടുകൾ ലാപ്സായി പോകുന്നു.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ലരീതിയിൽ പര്യാപ്തമാക്കുന്നതിനും അഭ്യന്തര നിയന്ത്രണ സംവിധാനം പര്യാപ്തമാണ്.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ചില കാലയളവുകളിൽ ഡയറി എഴുതിയിട്ടുതന്നെയില്ല. അപേക്ഷകൾ സ്വീകരിച്ച തീയതി, സ്വീകരിച്ച അപേക്ഷകളുടെ തീർപ്പാക്കൽ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിൽ കൂടുതൽ കൃത്യത വരുത്തേണ്ടതുണ്ട്. അർഹിക്കുന്ന ഗൗരവത്തിൽതന്നെ ഫ്രണ്ട് ഓഫീസ് ഡയറിയിൽ രേഖപ്പെടുത്തലുകൾ നടത്തിസൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ, പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. മിക്ക മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു കാണുന്നു. പല മരാമത്ത് പ്രവൃത്തികളും

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വീഴ്ചകാണുന്നു. പൂർത്തീകരണം വൈകിയതിന്റെ കരണങ്ങൾ ഫയലിൽനിന്നും വ്യക്തമല്ല. പൂർത്തീകരണം വൈകിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതെതന്നെ അവസാന ബിൽതുക നൽകിയിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ടെന്റർനടപടികളിൽ മത്സരസ്വഭാവം ഉണ്ടായിട്ടില്ല. 2020-21 വർഷത്തിൽ നടപ്പിൽ വരുത്തിയ പ്രവൃത്തികളുടെ ടെന്റർനടപടികളിൽ ചുരുക്കം ചിലവയിൽ മാത്രമാണ് രണ്ടിൽ കൂടുതൽ കരാറുകാർ പങ്കെടുത്തിട്ടുള്ളത്. 01% താഴെയുള്ള ടെന്റർ കിഴിവിലോ, എസ്റ്റിമേറ്റ് നിരക്കിലോ ആണ് ഭൂരിഭാഗം കരാറുകളും അനുവദിച്ചുകാണുന്നത്. എല്ലാ പദ്ധതികൾക്കും ഇ-ടെന്ററിലൂടെ കരാറുകാരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ ടെന്റർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കാൻ സാധിക്കും എന്നതിനാൽ അത്തരം നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

എം.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾക്കായി അക്രഡിറ്റഡ് എഞ്ചിനീയർ ജനറേറ്റുചെയ്യുന്ന എസ്റ്റിമേറ്റുകൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർതന്നെ സാങ്കേതികാനുമതിയും നൽകുന്നതായി കാണുന്നു. ഇതുമൂലം എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴുണ്ടാകുന്ന പിഴവുകൾ തിരുത്തപ്പെടാതെപോകുന്ന സാഹചര്യങ്ങളുണ്ടാകുന്നു.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2021 | 31.03.2021 | 25.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 – 13.10.2017 | 2016-17 | 17.11.2017 |

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന മൊബൈൽ ടവറുകൾ നാളിതുവരെ വസ്തു നികുതി ഒടുക്കിയിട്ടില്ല.

| കെട്ടിട നം. | പേര് | ഒരു വർഷത്തെ വസ്തു നികുതി ₹ | കുടിശ്ശിക കാലയളവ് | ഈടാക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|
| 3/782 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 6,300 | 2013-14 To 2020-21 | 50,400 |
| 10/461 | ബി.എസ്.എൻ.എൽ. | 28,875 | “ | 2,31,000 |
| 14/514 | ബി.എസ്.എൻ.എൽ. | 10,500 | “ | 84,000 |
| ആകെ | | | | 3,65,400 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 19 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6 /27.01.2022

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റുമെന്റുകളും പരിശോധിച്ചതിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാർ 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ടൈനിടോഴ്സ് ചീവോട് | II |
| 2 | ക്ഷീരോൽപ്പാദക സഹകരണസംഘം,കുറവൂർ | II |

| | | |
|---|---|---|
| 3 | ത്രിവേണി സൂപ്പർ മാർക്കറ്റ്,അലിമുക്ക് | II |
| 4 | അയ്യങ്കാളി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് | I,II |
| 5 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ | I,II |
| 6 | പഞ്ചായത്തിലെ മരാമത്തു പ്രവർത്തികൾ ചെയ്ത കരാറുകാർ | I,II |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 5 /25.01.2022

1-13 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തുകമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. SO 304 : ബഡ്സ് സ്കൂൾ നിർമ്മാണം
അടങ്കൽ തുക - 8,63,986/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻഡ്)
ചെലവ് തുക – 8,56,300/- രൂപ(ബിൽ നം. 96/13.07.2020)
കരാറുകാരൻ - ശ്രീ. പി ജെ ജോൺ
എഗ്രിമെന്റ്നം. 196/AE/18-19/15.02.2019.
ടി.എസ്.നം. 107784/18-19
എം.ബുക്ക് നം. 236/18-19.
എഗ്രീഡ് പി.എ.സി. - 8,63,986/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം – 6 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 15.02.2019.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 17.02.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 14.08.2019.
വൈകിയ കാലയളവ് : 187 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 23,081/- രൂപ (8,63,986/-രൂപ X 0.1% X 187 / 7).

2. പ്രോജക്ട് നം. SO.444 ഗുരുദേവ ഹൈസ്കൂൾ ടെലഫോൺ എക്സ്ചേഞ്ച് റോഡ് സംരക്ഷണഭിത്തി

അടങ്കൽ തുക - 5,99,500/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് ).
ചെലവ്തുക – 5,65,410/- രൂപ (ബിൽ നം. 199/26.02.2021/-രൂപ).
കരാറുകാരൻ - ശ്രീ. ഒ. അബ്ദുൽ മജീദ്
എഗ്രിമെന്റ്നം. 127/AE/LSGD/PVR/19-20/03.01.2020.
ടി.എസ്.നം. 86201/19-20
എം.ബുക്ക് നം. 104/21
എഗ്രീഡ് പി.എ.സി. – 5,24,323.73/- രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം. 6 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 03.01.2020.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 23.11.2020
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി. 02.07.2020.
വൈകിയ കാലയളവ് : 144 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ: 10,786/-രൂപ (5,24,323.73/- രൂപ X 0.1% X 144 / 7)

3. പ്രോജക്ട് നം. SO 406 നെല്ലി മുരുപ്പ് പുന്നല റോഡ് സൈഡ് കെട്ട്
അടങ്കൽ തുക - 4,50,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ് തുക – 4,46,841/- രൂപ (ബിൽ നം. 101/30.07.2020)
കരാറുകാരൻ - ശ്രീ. ഷാജഹാൻ
എഗ്രിമെന്റ്നം. 43/AE/LSGD/PVR/19-20/31.10.2019.
ടി.എസ്.നം. 55669/19-20
എം.ബുക്ക് നം. 148/19-20.
എഗ്രീഡ് പി.എ.സി.- 4,46,841/- രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 31.10.2019.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 09.06.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 30.01.2020.
വൈകിയ കാലയളവ് : 131 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 8,362/-രൂപ (4,46,841/-രൂപ X 0.1% X 131 / 7).

4. പ്രോജക്ട് നം. SO459 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ
അടങ്കൽ തുക - 8,74,645/- രൂപ (വികസന ഫണ്ട് ജനറൽ : 2,61,645/- കേന്ദ്രാവിഷ്കൃത വിഹിതം : 6,13,000/-)
ചെലവ് തുക : 8,37,146/- രൂപ (ബിൽ നം. 174/30.12.2020: 2,51,645/-രൂപ ; ചെക്ക്നം 39453/29.12.20: 5,85,501/- രൂപ)
കരാറുകാരൻ - ശ്രീ. പി ജെ ജോൺ
എഗ്രിമെന്റ്നം. 189/AE/LSGD/PVR/19-20/27.03.2020.
ടി.എസ്.നം. 103531/19-20
എം.ബുക്ക് നം. 280/19-20.
എഗ്രീഡ് പി.എ.സി.- 7,54,886.15/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 27.03.2020.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 15.12.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി 26.06.2020.

വൈകിയ കാലയളവ് : 172 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 18,549/-രൂപ (7,54,886.15/-രൂപ X 0.1% X 172 / 7).

5. പ്രോജക്ട് നം. SO 400 കറവൂർ വനിതാ സൗഹൃദ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം
അടങ്കൽ തുക : 1,36,751/- രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ് തുക : 1,24,858/- രൂപ (ബിൽ നം. 247/27.03.2021)
കരാറുകാരൻ - ശ്രീ. ഷാജി വി
എഗ്രിമെന്റ്നം. 217/AE/18-19/13.03.2019.
ടി.എസ്.നം. 113683/18-19
എം.ബുക്ക് നം. 245/19-20.
എഗ്രീഡ് പി.എ.സി: 1,36,563.37/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 13.03.2019.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28.12.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി 12.06.2019.
വൈകിയ കാലയളവ് : 564 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 11,003/-രൂപ (1,36,563.37/-രൂപ X 0.1% X 564/7).

6. പ്രോജക്ട് നം. SO 313 കറവൂർ വനിതാ സൗഹൃദ കേന്ദ്രം
അടങ്കൽ തുക : 6,61,331/- രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ് തുക : 6,61,302/- രൂപ (ബിൽ നം. 67/08.05.2020)
കരാറുകാരൻ - ശ്രീ. ഷാജി വി
എഗ്രിമെന്റ്നം. 193/AE/LSGD/PVR/18-19/15.02.2019.
ടി.എസ്.നം. 107713/18-19
എം.ബുക്ക് നം. 238/18-19.
എഗ്രീഡ് പി.എ.സി : 6,61,331/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 4 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 15.02.2019.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 27.03.2020.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി 14.06.2019.
വൈകിയ കാലയളവ് : 287 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 27,115/-രൂപ (6,61,331/- രൂപ X 0.1% X 287/7).

ആകെ : 98,896/- രൂപ

അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/29.01.2022) മറുപടി ലഭ്യമാക്കിയില്ല. 98,896/- രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 ഒഴിഞ്ഞ ടാർ ബാരലിന്റെ വില 4496/-രൂപ തിരികെ ഈടാക്കി.

2020-21 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന റീടാറിഗ് പ്രവർത്തിക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച് നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിരുന്നില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ (ഓഡിറ്റ് എൻക്വയറി നം. 5/31.01.2022) 4,496/- രൂപ രസീത് നം. 121010101356 2/31.01.2022 പ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | ഉപയോഗിച്ച് ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക | കരാറുകാരൻ |
|---|---|---|---|---|---|
| 1 | മുണ്ടകോൺ കുറുന്തമൺ പെരുന്തോയിൽ ചാങ്ങപ്പാറ റോഡ് റീടാറിങ് (SO347/21) | S65-2310kg, RS1-212kg | 16 | 4,496/- | ശ്രീ. ഷാജഹാൻ |

1-15 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല: 261360/-രൂപയുടെ പദ്ധതി ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്റ്റ് നമ്പർ SO.393/20-21 ഓണ്ണുപാറ സന്യാസികോൺ റോഡ് കോൺക്രീറ്റ്, സംരക്ഷണഭിത്തി.
നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
ചെലവ് : 2,61,360/-രൂപ (ബിൽ നം. 102/05.08.2020)
കരാറുകാരൻ : അജീഷ് നായർ, കാഞ്ഞിരംവിള വീട്, നീലേശ്വരം.
വികസന ഫണ്ട് - എസ് സി പി ഇനത്തിൽ 4,98,817/- രൂപ അടങ്കൽ വകയിരുത്തി 17-18 വർഷത്തിൽ പ്രോജക്റ്റ് നം. 121/17-18 ആയി ആവിഷ്കരിച്ച പദ്ധതിയാണിത്. TS No52877/17-18 പ്രകാരം 8 മാസമായിരുന്നു പദ്ധതി പൂർത്തീകരണത്തിനനുവദിച്ചിരുന്ന കാലയളവ്.

പ്രവൃത്തിയുടെ പാർട്ട് ബില്ലായി 2,61,360/- രൂപ പ്രവർത്തി മൂല്യം കണക്കാക്കുകയും (M Book No.180/17-18)ഇതിൽ നിന്നും റീറ്റെൻഷൻ(2.5%) പിടിക്കാതെതന്നെ (നികുതികളും ക്ഷേമനിധിവിഹിതവും മാത്രം കുറവ് വരുത്തി) കരാറുകാരന് തുക നൽകുകയും ചെയ്തതായി കാണുന്നു. 02.03.2020 മുതൽ 04.05.2020 വരെയുള്ള കാലയളവിൽ നടത്തിയ നിർമ്മാണ പ്രവൃത്തികളാണ് പാർട്ട് ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളത്. 06.02.2018 ൽ നിർമ്മാണ പ്രവർത്തനത്തിനായി സ്ഥലം കൈമാറ്റം നടത്തിയ പ്രസ്തുത പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലായെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തി പൂർത്തീകരിക്കാതെ തുടരുന്നതിന്റെ സാഹചര്യംവും, അസാധാരണ കാലവിളംബത്തിനെതിരേ പദ്ധതിനിർവ്വഹണാധികാരി എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്വീകരിച്ചിട്ടുള്ള നടപടികളും ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/28.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദീകരണത്തിന്റെ അഭാവത്തിൽ 2,61,360/- രൂപായുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.പദ്ധതി പ്രവർത്തനങ്ങൾ പൂർത്തികരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽനിർമ്മാണം: പദ്ധതി ചെലവിന് നിയമ സാധുതയില്ല.

പ്രോജക്റ്റ് നമ്പർ. SO 479/2020-21, കമുകുംചേരി വിജ്ഞാനോദയം ലൈബ്രറി മെയിന്റനൻസ്.
നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
കമുകുംചേരി വിജ്ഞാനോദയം ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടി പെയിന്റിങ് നടത്തുന്നതിനായി പദ്ധതിആസൂത്രണം ചെയ്യുകയും 3,00,000/- രൂപ അടങ്കൽ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്തു.
ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിനായാണ് ചുറ്റുമതിൽ കെട്ടി പെയിന്റുചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കി, എസ്റ്റിമേറ്റ് എടുത്ത്, ടെൻഡർ ക്ഷണിച്ച് കരാറുകാരനെ കണ്ടെത്തി പദ്ധതി നടപ്പിൽ

വരുത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത്തരത്തിൽ പദ്ധതി ആസൂത്രണം നടത്തുന്നതിനും പദ്ധതി പണം ചെലവഴിക്കുന്നതിനും നിയമ സാധുത ഇല്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-17 മരാമത്ത് പ്രവൃത്തി - സ്റ്റെപ്പ് നിർമ്മാണം : അളവുകൾ രേഖപ്പെടുത്തിയതിൽ അപാകത-

1. പ്രോജക്റ്റ് നമ്പർ 159/21 കടയ്ക്കാമൺ റോഡ് പുറമ്പോക്ക് സ്റ്റെപ്പ് നിർമ്മാണം, 2. പ്രോജക്റ്റ് നമ്പർ 512/21 തച്ചക്കോട് മുരുപ്പേൽ റോഡ് സ്റ്റെപ്പ് & കോൺക്രീറ്റ് എന്നീ പ്രവൃത്തികൾ പ്രകാരം നിർമ്മിച്ച സ്റ്റെപ്പുകളുടെ അളവുകൾ എം ബുക്കുകളിൽ രേഖപ്പെടുത്തിയപ്പോൾ, എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായതിലും അധികമായി രേഖപ്പെടുത്തി കാണുന്നു. ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിലും യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ ഇരട്ടി അളവാണ് എം ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

## 1-18 ആശ്രയ ഭക്ഷണക്കിറ്റ് നൽകുന്നത് സംബന്ധിച്ച്

| നിർവഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി | |
|---|---|---|
| പ്രോജക്റ്റ് നം | 67/19-20 | 59/20-21 |
| അടങ്കൽ | 2,20,000/- | 5,00,000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ | വികസനഫണ്ട് ജനറൽ |
| ചെലവ് | 2,20,000/- | 5,00,000/- |
| ബിൽ നമ്പർ | 1/20-9-19 | 1/25-9-20 |

ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങളും മറ്റു അവശ്യസേവനങ്ങളും ലഭ്യമാക്കുന്നതിനായി തുക കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറാൻ ആവിഷ്കരിച്ച പ്രോജക്റ്റ് പ്രകാരം വിശപ്പു രഹിത കേരളത്തിന്റെ 623702010007531 നമ്പർ അക്കൗണ്ടിലേക്ക് 5,00,000/-രൂപ 6-10-20 തീയതിയിൽ മാറി നൽകിയിരിക്കുന്നു. എന്നാൽ ആയത് പ്രകാരം വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിതരണം താഴെ പ്രകാരമാണ്.

| മാസം | വാങ്ങിയത് | വിതരണം ചെയ്തത് |
|---|---|---|
| 3/20 | 253 | 253 |
| 4/20 | 251 | 253 |
| 5/20 | 251 | 253 |
| 6/20 | 251 | 252 |
| 7/20 | 250 | 252 |
| 8/20 | 251 | 252 |
| 9/20 | 250 | 251 |
| 10/20 | 250 | 251 |
| 11/20 | 250 | 251 |
| 12/20 | 250 | 251 |
| 1/21 | 247 | 250 |
| 2/21 | 247 | 250 |
| 3/21 | 247 | 250 |

വാങ്ങിയ ഭക്ഷ്യകിറ്റുകളെക്കാൾ കൂടുതൽ കിറ്റുകൾ വിതരണം ചെയ്തതെങ്ങനെയാണെന്നും, അത്തരത്തിൽ വിതരണം ചെയ്യാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്നും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോവിഡ് ആയതിനുശേഷം എല്ലാവർക്കും വീട്ടിൽ

കൊണ്ടുപോയി സാധനങ്ങൾ വിതരണം ചെയ്തപ്പോൾ രജിസ്റ്റർ കൂടെ കൊണ്ടുപോയില്ല എന്നും പിന്നീട് ഒപ്പിട്ടതിൽ സംഭവിച്ച തെറ്റാണ് എന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്) 252/2017/ എൽ.എസ്.ജി.ഡി. തീയതി 12-12-2017 ഖ.3-2-12 പ്രകാരം ആശ്രയാ ചലഞ്ച് ഫണ്ട് ലഭ്യമാണെങ്കിൽ ചലഞ്ച് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കായി പ്ലാൻഫണ്ട് ചെലവഴിക്കാൻ പാടില്ല എന്നിരിക്കെ പ്ലാൻഫണ്ട് മുൻകൂർ പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഭക്ഷ്യവിതരണം മുടങ്ങാതിരിക്കാൻ ആണ് പ്ലാൻ ഫണ്ട് പിൻവലിച്ച് നിക്ഷേപിച്ചതാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ – 79/21

പ്രോജക്ട് ആയൂർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ – 2,50,000/-രൂപ ( MGNR)

ചെലവ് - 2,50,000/-രൂപ

ബിൽ നമ്പർ-1/20-21/9-10-22

പ്രൊഫോർമാ ഇൻവോയ്സ് – 111802/5-9-20

പ്രസ്തുത പദ്ധതിയ്ക്കായി ബിൽ മാറി തുക ഔഷധിക്ക് നൽകുകയും ആയതിനനുസരിച്ച് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 31-10-20 തീയതിയിലെ 90186317 നമ്പർ ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട 2,50,000/- രൂപയുടെ മരുന്നുകളിൽ വിഡംഗാദി ഗുളിക 9x100 എണ്ണം കുറവാണ് ലഭിച്ചിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 18/31-1-22

1-20 പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ മരുന്നു ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്ട് നമ്പർ – 26/21

പ്രോജക്ട് - പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ - 6.00,000/- രൂപ (MGNR)

ചെലവ് - 6.00,000/- രൂപ

ബിൽ നമ്പർ – 9/13.1.2021

ഇൻ ഹൗസ് ഡ്രഗ് ബാങ്കിന്റെ 17-12-20 തീയതിയിലെ 6218@N/2020/12 നമ്പർ പ്രൊഫോർമാ ഇൻവോയ്സ് പ്രകാരം പ്രസ്തുത പ്രോജക്ടിനായി നൽകിയ 6,00,000/- രൂപയിൽ നാളിതുവരെ 4,84,245/- രുപയുടെ മരുന്നു ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 1,15,755/- രൂപയുടെമരുന്നു ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നു ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 20/31-1-22

1-21 മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

പ്രോജക്ട് നമ്പർ – 24/21

പ്രോജക്ട് - പാലിയേറ്റീവ് കെയർ

അടങ്കൽ – 10,15,150/-

ചെലവ് - 10,15,150/-

പ്രസ്തുത പ്രോജക്ടിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം തുക മാറിയെങ്കിലും മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.

| ഇൻവോയ്സ് നമ്പർ | ബിൽ നമ്പർ | തുക | മരുന്നുകിട്ടിയത് | ബാക്കി കിട്ടാനുള്ളത് |
|---|---|---|---|---|
| 5710/24-2-21 | 14/20-21/9-3-21 | 2,00,000/- | 141139/- | 58861/- |
| 6789@N/2021/3 | 21/20-21/31-3-21 | 11325/- | 0 | 11325/- |

ബാക്കി രൂപയുടെ മരുന്നുഉപകരണങ്ങളും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 20/31-1-22

## 1-22 മാർഗ്ഗരേഖകൾ ലംഘിച്ച് എയ്ഡഡ് സ്കൂളുകൾക്ക് വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും - പ്രോജക്ട് നമ്പർ - 297/21, സ്കൂളുകൾക്ക് പ്രിന്റർ - പ്രോജക്ട് നമ്പർ - 97/21, സ്കൂൾ ലൈബ്രറിക്ക് ഷെൽഫ് - പ്രോജക്ട് നമ്പർ - 505/21 എന്നീ പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ എയ്ഡഡ് സ്കൂളുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. 29.1.2018 ലെ സ.ഉ(കൈ)നം.11/18 തസ്വഭവ ഖണ്ഡിക 7.6(2) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആകണം മുൻഗണന നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും - എയ്ഡഡ് സ്കൂളുകൾക്ക് നൽകി
നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 297/21

പ്രോജക്ട് - എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും

അടങ്കൽ – 5,96,800/-രൂപ

ചെലവ് - 5,92,200/-രൂപ

ബിൽ നമ്പർ 1/17-4-20– 4,03,200/-രൂപ

ബിൽ നമ്പർ 2/17-4-20– 1,89,000/- രൂപ

എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് ബഞ്ചും ഡസ്കും വാങ്ങി നൽകിയിരിക്കുന്നു. ആയതിൽ താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്ക് ബഞ്ചും ഡസ്കും നൽകിയിരിക്കുന്നു.

| സ്കൂൾ | എണ്ണം |
|---|---|
| പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ | 12 |
| സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂൾ ചെമ്പനരുവി | 13 |
| സെന്റ് മേരീസ് എൽ. പി. സ്കൂൾ | 7 |

എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്രമവിരുദ്ധമാണ്. ആയതിനാൽ ഈയിനത്തിൽ 2,01,600/- (6,300x32) രൂപാ ക്രമവിരുദ്ധമായി നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർക്കാർ ഉത്തരവ് (സാ.ധാ) നം. 2331/2019/തസ്വഭവ തീയതി 22/10/2019 പ്രകാരമാണ് നൽകിയത് എന്നും സർക്കാർ സ്കൂളുകൾക്ക് നൽകിയതിനുശേഷം ആണ് എയ്ഡഡ് സ്കൂളുകൾക്ക് നൽകിയത് എന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത സർക്കാർ ഉത്തരവ് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ഡിജിറ്റൽ പ്രൊജക്ടറും മൈക്ക് സെറ്റും വാങ്ങുന്നതിനു വേണ്ടിയുള്ള അനുമതി നൽകിയ ഗവൺമെന്റ് ഉത്തരവ് ആണ് . ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,01,600/- (6,300x32) രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പത്തനാപുരം ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ 24.02.20 തീയതിയിലെ പി3/1611/19 നമ്പർ കത്ത് പ്രകാരം 94 ബഞ്ചും ഡെസ്കും പരിശോധിച്ചതിൽ 6 ബഞ്ചും 7 ഡെസ്കും ഒഴികെയുള്ളവ ഗുണനിലവാരമുള്ള ആഞ്ഞിലിത്തടിയിൽ പണി തീർത്തവയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 94 എണ്ണം വിതരണം ചെയ്തതിന്റെ രേഖയാണ് നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഹാജരാക്കിയിരിക്കുന്നത്. ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തതിന് കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആറു ബഞ്ചും എഴു ഡസ്കും മാറ്റി ഗുണമേന്മ ഉള്ളവയാണ് നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകളും ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ ഗുണമേന്മാ പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 41,400/-(3,600x7+2,700x6) രൂപയുടെ ചെലവും ഓഡിറ്റിൽ നിരാകരിക്കുന്നു. ആകെ 2,43,000/-രൂപ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

നിരാകരിച്ച തുക – 2,43,000/- രൂപ

ബി) സ്കൂളുകൾക്ക് പ്രിന്റർ-എയ്ഡഡ് സ്കൂളുകൾക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 97/21

പ്രോജക്ട് - സ്കൂളുകൾക്ക് പ്രിന്റർ

അടങ്കൽ – 75,000/-രൂപ (തനതുഫണ്ട്)

ചെലവ് - 74,500/-രൂപ

ചെക്ക് നമ്പർ – 2736870/27-10-20

ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് പ്രിന്റർ വാങ്ങാനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾക്കും ആനുകൂല്യം നൽകി.

അനു ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ 19-10-20 തീയതിയിലെ 26 നമ്പർ ഇൻവോയ്സ് പ്രകാരം 5 പ്രിന്റർ വാങ്ങിയതിൽ ഒരെണ്ണം പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ എന്ന എയ്ഡഡ് സ്കൂളിന് നൽകിയിരിക്കുന്നു.

എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതു വഴി 14,900/- രൂപാ ക്രമവിരുദ്ധമായി ചെലവഴിച്ചു. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുട്ടികൾക്കാവശ്യമായ വർക്ക് ഷീറ്റും മറ്റു കെയ്സ് സ്റ്റഡി എന്നിവ എളുപ്പത്തിൽ നടത്താൻ കഴിഞ്ഞു എന്ന മറുപടിയാണ് നൽകിയത്. ആയത് അംഗീകരിക്കുന്നില്ല. എയ്ഡഡ് സ്കൂളുകൾക്ക് പ്രിന്റർ വാങ്ങി നൽകിയതു വഴി ചെലവഴിച്ച 14,900/- രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

നിരാകരിച്ച തുക - 14,900/- രൂപ

സി) സ്കൂൾ ലൈബ്രറിക്ക് ഷെൽഫ് – എയ്ഡഡ് സ്കൂളുകൾക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ - 505/21

പ്രോജക്ട് - സ്കൂൾ ലൈബ്രറിക്ക് ഷെൽഫ്

അടങ്കൽ – 85,000/- രൂപ

ചെലവ് – 84,990/- രൂപ

ബിൽ നമ്പർ – 5/22-12-21

KICKO ബിസിനസ് കോർപ്പറേഷന്റെ 30-11-20 തീയതിയിലെ 105 നമ്പർ ഇൻവോയ്സ് പ്രകാരം 7 എണ്ണം അലമാരകൾ വാങ്ങിയതിൽ 4 എണ്ണം താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്ക് നൽകിയിരിക്കുന്നു.

| സ്കൂൾ | എണ്ണം |
|---|---|
| പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ | 1 |
| സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂൾ ചെമ്പനരുവി | 1 |
| സെന്റ് മേരീസ് എൽ. പി. സ്കൂൾ | 1 |
| എസ്.എൻ. യു. പി.സ്കൂൾ | 1 |

എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. ഇതുവഴി 48,564/- (12141x4) രൂപാ ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുട്ടികളുടെ മാതൃഭാഷാ പഠനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിഞ്ഞു എന്നറിയിച്ചത് അംഗീകരിക്കുന്നില്ല. എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് വഴി അധികം ചെലവഴിച്ച 48,566/-രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

നിരാകരിച്ച തുക – 48,564/- രൂപ

മേൽ പദ്ധതികളിലൂടെ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതിലൂടെ ചെലവഴിച്ച (243000 + 14,900 + 48,564) 3,06,464/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.

പ്രോജക്ട് – പാലിന് സബ്സിഡി

അടങ്കൽ – 16,00,000/- രൂപ

ചെലവ് – 14,00,000/- രൂപ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14.12.18 ലെ സ.ഉ(കൈ) നം.22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം (പ്രോ നം.136, 364) 2020 -21 വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന്

ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ക്ഷീരവികസന വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട 1 ലിറ്റർ പാലിന് 1 രൂപ നിരക്കിലുള്ള സബ്സിഡി ക്ഷീരവികസന വകുപ്പിൽ നിന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/22.1.22

1-24 പകൽ വീടിന് ലൈബ്രറി - വാങ്ങിയ ബുക്കുകൾ ഉപയോഗപ്രദമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 506/21

പ്രോജക്ട് - പകൽ വീടിന് ലൈബ്രറി

അടങ്കൽ – 50,000/- രൂപ (തനതുഫണ്ട്)

ചെലവ് - 49,999/- രൂപ

ചെക്ക് നമ്പർ – 2936851/20-8-20

പ്രസ്തുത പ്രോജക്ടിനായി കറന്റ് ബുക്സിന്റെ 16-6-20 തീയതിയിലെ 000056 നമ്പർ ഇൻവോയ്സ് പ്രകാരം 306 ബുക്ക് വാങ്ങിയിരുന്നു. എന്നാൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ പകൽവീടിനു മുകളിലുള്ള സാംസ്കാരിക നിലയത്തിൽ പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്കിലുൾപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സാംസ്കാരിക നിലയത്തിൽ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെന്നറിയിച്ചിട്ടുണ്ട്. പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

1-25 ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1135 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 1080 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 41 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 0 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 2 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 12 |

| | |
|---|---|
| ആകെ | 1135 |

ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം ലൈസൻസെടുത്ത് പ്രവർത്തിച്ച സ്ഥാപനങ്ങൾ 163 എണ്ണം മാത്രമാണ്. സഞ്ചയയിലെ കണക്ക പ്രകാരം 5 കെട്ടിടങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ തൻവർഷം വേക്കൻസി റമിഷന് അപേക്ഷിച്ചിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദമായ പരിശോധന നടത്തി പഞ്ചായത്തിന്റെ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/29.01.2022

## 1-26 വാടക ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 19ാം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 408, 409, 410 എന്നീ മുറികളിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം തൻവർഷം വാടക ഒടുക്കു വരുത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| മൂന്നു കടമുറികളുടെയും ആകെ വാടക നിരക്ക് | ഈടാക്കാനവശേഷിക്കുന്ന ലയളവ് | തുക |
|---|---|---|
| 9593 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് മാസം വരെ | 9593*12=115116 |

വാടക കുടിശിക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശിക പിഴ പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11 /29.01.2022

## 1-27 ലൈസൻസ് പിരിവിലെ അപാകതകൾ

1. മോട്ടോർഫീസ് ഈടാക്കിയിട്ടില്ല

| പേര് | സ്ഥാപനം | മോട്ടോറിന്റെ കുതിരശക്തി |
|---|---|---|
| രേവതി | അഭിനന്ദ് ഹോളോ ബ്രിക്സ് | 9 Hp |
| ജമീലാ ബീവി | കുപ്പിൽ സാമില്ല് | 52 Hp |
| അനീഷ് കുമാർ | ഗുഡ്സ് ചോയിസ് ഫുഡ്സ് എന്റർപ്രൈസ് | 10 Hp |

ടി സ്ഥാപനങ്ങളിൽ നിന്നും മോട്ടോർഫീസ് ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല

| ക്രമ നം. | പേര് | കെട്ടിട നം. | സ്ഥാപനം |
|---|---|---|---|
| 1 | ലിനോ തോമസ് | 17/439, 440 | ഇലക്ട്രിക്, പ്ലംബിംഗ് സാധന ഗോഡൌൺ |
| 2 | ത്രദീപ് കുമാർ | 16/552 | പ്ലംബിംഗ് മെറ്റീരിയൽ സ്റ്റോക്ക് |
| 3 | സൂസൻ ജോൺ | 19/605 | സിമന്റ് ബ്രിക്സ് നിർമ്മാണം |
| 4 | സുരേന്ദ്രൻ | 2/429 | രാസവള വ്യാപാരം |

| | | | |
|---|---|---|---|
| 5 | സുനിൽജോൺ | 14/501 | ഹോളോ ബ്രിക്സ് വ്യാപാരം |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ഒന്നും തന്നെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ചട്ടം 232(1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്നും അപ്രകാരം ചെയ്യുവെങ്കിൽ ചട്ടം 243(2) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ അപാകതകളിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/29.01.2022

## 1-28 വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2020-21 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെക്കൊടുക്കുന്ന പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഏജൻസി | അടങ്കൽ തുക ₹ | വൌച്ചർ നം./ബിൽ നം./തീയതി | നൽകിയ തുക ₹ |
|---|---|---|---|---|
| 3/21 (എസ്.എസ്.എ വിഹിതം ഒടുക്കൽ) | പ്രോജക്ട് ഓഫീസർ എസ്.എസ്.എ | 7,00,000 (വികസനഫണ്ട്) | 18/20-21/23-10-20 | 7,00,000 |
| 25/21 (ജീവനം സൗജന്യ ഡയാലിസിസ്) | ജില്ലാ പഞ്ചായത്ത് കൊല്ലം | 50,000 (വികസനഫണ്ട്) | 24/20-21/16-2-21 | 50,000 |
| 306/21 (വെരുകുഴി കുടിവെള്ള പദ്ധതി) | ഭൂജല വകുപ്പ് | 1,15,930 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5/20-21/8-5-20<br>35/20-21/31-3-21 | 91,326<br>7059 |
| 336/21 കുറുന്തമൺ കുടി വെള്ള പദ്ധതി | ഭൂജല വകുപ്പ് | 8,10,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1/20-21/8-5-20 | 93,906 |
| 337/21 വലിയറ പച്ച കുടി വെള്ള പദ്ധതി | ഭൂജല വകുപ്പ് | 8,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3/20-21/8-5-20<br>34/20-21/31-3-21 | 88,746<br>6,99,254 |
| 363/21 കുടശ്ശേരി - ഉമ്മന്നൂർ കുടി വെള്ള പദ്ധതി | ഭൂജല വകുപ്പ് | 1,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2/20-21/8-5-20 | 94,766 |
| 519/21 പെരുന്തോയിൽ മൈക്കാമൺ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 15,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 36/20-21/31-3-21 | 15,00,000 |
| 531/21 പത്തനാപുരം താലൂക്ക് ആശുപത്രിക്ക് സ്ഥലം വാങ്ങൽ - ബ്ലോക്ക് | പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | 15,00,000 (തനതുഫണ്ട്) | 22001633/25-3-21 | 15,00,000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്തിന് വിഹിതം നൽകൽ | | | | |
| 558/21 ഡി പി സി മന്ദിരത്തിന് തുക നൽകൽ | ഡിസ്ട്രിക്ട് പ്ലാനിംഗ് ഓഫീസർ | 1,50,000 (വികസനഫണ്ട്) | 22/20-21/6-1-21 | 1,50,000 |
| 377 /21 മുള്ളുമല ചെമ്പനരുവി കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ | കെഎസ്ഇബി | 55,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 4/20-21/8-5-20 | 54,386 |
| 583/21 കുര്യോട്ടുമല കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 11,13,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7/20-21/8-5-20 | 11,13,000 |
| 522/21 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | കെഎസ്ഇബി | 1,50,000 (തനതുഫണ്ട്) | 28/20-21/25-3-21<br>22000146/2-1-21<br>22000299/21-7-20<br>2936873/28-10-20<br>2936874/28-10-20<br>22000934/5-1-21<br>22001023/25-1-21<br>22001249/22-3-21 | 19866<br>5815<br>5266<br>84696<br>10524<br>19849<br>9265<br>45515 |
| ആകെ | | | | 63,43,239/- |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 17/31-1-22

തടസ്സപ്പെടുത്തുന്ന തുക – 63,43,239/- രൂപ

1-29 കെൽട്രോണിന് തുക നൽകിയെങ്കിലും 2 കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല.

പ്രോജക്ട് നം. – 580/21 (മൃഗാശുപത്രിക്ക് കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും ഒരുക്കൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ തുക – 1,00,000/- രൂപ (മെയിന്റനൻസ് ഫണ്ട്, നോൺറോഡ്)

ചെലവ് തുക – 63,090/- രൂപ

(ബിൽ നമ്പർ 14/20-21/29-3-21)

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് നമ്പർ 580/21 പ്രകാരം 63,090/- രൂപ 29-3-21 ൽ കേരള സ്റ്റേറ്റ് ഐടി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. കെൽട്രോണിന്റെ 24.3.21 ലെ പ്രൊഫോർമ ഇൻവോയിസ് നം.25696 പ്രകാരമുള്ള 2 കമ്പ്യൂട്ടറുകൾ (Intel Processor -Medium End Windows 10 Home)ലഭിക്കുന്നതിന് വേണ്ടിയാണ് തുക നൽകിയത്. തുക കൈപ്പറ്റി 45 ദിവസത്തിനകം കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്യുന്നതാണെന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടറുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 29-01-22 ൽ നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ – കെൽട്രോണുമായി നിരന്തരം ബന്ധപ്പെട്ടിട്ടും കമ്പ്യൂട്ടർ ലഭിച്ചിട്ടില്ലെന്ന അറിയിച്ചിട്ടുണ്ട് കമ്പ്യൂട്ടർ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ 63,090/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 11/29.1.2022

തടസ്സപ്പെടുത്തിയ തുക – 63,090/- രൂപ

1-30 എം.എൻ.ആർ.ഇ.ജി.എസ് - കിണർ നിർമ്മാണം - അളവുകൾ രേഖപ്പെടുത്തുന്നതിൽ അപാകത

2020-21 വർഷത്തിൽ ആകെ 33 കിണറുകൾ നിർമ്മിച്ചു. കിണർ നിർമ്മാണത്തിൽ പൊതുവിൽ 1.5 മീറ്റർ ആഴമാണ് ഒരു 'ഡെപ്ത്'ആയി കണക്കാക്കുന്നത്. ഓരോ ഡെപ്ത് കഴിയുമ്പോഴും നിരക്കു വർദ്ധിച്ച് വരുന്നു. ഫയലുകൾ പരിശോധിച്ചതിൽ എം-ബുക്കുകൾ പ്രകാരം പ്രാഥമിക ഡെപ്ത് ഉൾപ്പടെ ശരാശരി 9 ഡെപ്തുകൾ വരെയാണ് ഓരോ കിണറിനും ആഴം കണക്കാക്കിയിരിക്കുന്നത്. എന്നാൽ 'പ്രാഥമിക ഡെപ്ത്' (ഇനിഷ്യൽ ഡെപ്ത്) 1 മീറ്റർ ആയും I$^{st}$ ഡെപ്ത് 0.5 മീറ്റർ ആയും പരിമിതപ്പെടുത്തി രേഖപ്പെടുത്തൽ നടത്തിക്കാണുന്നു. അതായത് പ്രാഥമിക ഡെപ്ത് 1.5മീറ്റർ ആഴം അടിസ്ഥാനമാക്കി കണക്കാക്കേണ്ട നിരക്ക് (237.298 രൂപ/m3) 1 മീറ്റർ മാത്രം ആഴം അടിസ്ഥാനമാക്കി കണക്കാക്കുകയും, ശേഷിക്കുന്ന 0.5 മീറ്റർ ആഴത്തിന് I$^{st}$ ഡെപ്തിന് അനുവദനീയമായ നിരക്ക് (342.562 രൂപ/m3) നൽകുകയും ചെയ്തു.ഇതുവഴി യഥാർത്ഥത്തിലുള്ള II$^{nd}$ ഡെപ്തിന് III$^{rd}$ ഡെപ്തിന്റെ നിരക്ക് നൽകുകയും ഇപ്രകാരം തുടർന്നുള്ള എല്ലാ ഡെപ്തിനും തൊട്ടടുത്ത ഡെപ്തിന്റെ ഉയർന്ന നിരക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്ന സാഹചര്യമുണ്ടായി.

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 12/29.01.2022ന് മറുപടിയായി ഇനിഷ്യൽ ഡെപ്ത് 1.5 മീറ്റർ ആഴത്തിൽ കണക്കാക്കി നിരക്ക് നൽകുന്നതിന് പകരം 1 മീറ്റർ മാത്രം ആഴത്തിൽ കണക്കാക്കുകയും 342.562/m3 എന്ന I$^{st}$ഡെപ്തിന് അനുവദനീയമായ നിരക്ക് ശേഷിക്കുന്ന വെറും 0.5മീറ്ററിന് മാത്രമായി ചുരുക്കുകയുമാണ് ചെയ്തിട്ടുള്ളത് എന്നാണ് അക്രഡിറ്റഡ് എഞ്ചിനീയർ വിശദീകരിച്ചിട്ടുള്ളത്.

എസ്റ്റിമേറ്റിലും ഇപ്രകാരമാണ് നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് എന്നും, ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിക്കുന്നുണ്ട്.

മേൽ പരാമർശ അപാകത മൂലം കിണറുകളുടെ നിർമ്മാണച്ചെലവ് ഇനത്തിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അക്രഡിറ്റഡ് എൻജിനീയർ 'സെക്യുർ' സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്യുന്ന എസ്റ്റിമേറ്റുകളിൽ മറ്റാരും തന്നെമേൽ പരിശോധന നടത്തുകയോ മറ്റാരിൽനിന്നും ടെക്നിക്കൽ സാങ്ഷൻ വാങ്ങുകയോ ചെയ്യുന്നതായി രേഖയില്ല.

ആയതുകൊണ്ട് തന്നെ എസ്റ്റിമേറ്റിൽ കടന്നുകൂടുന്ന മേൽ പരാമർശിച്ചവിധത്തിലുള്ള അപാകതകൾ തിരുത്തപ്പെടാതെ പോകുന്ന സാഹചര്യം നിലനിൽക്കുന്നു.വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടേയും,പഞ്ചായത്ത്
സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.എസ്റ്റിമേറ്റിൽ ഇത്തരത്തിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന പിശകുകൾ കടന്നു കൂടാതെ ശ്രദ്ധിക്കേണ്ടതും, എസ്റ്റിമേറ്റുകൾക്ക് എൽ എസ് ജി ഡി വിഭാഗം അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങി മാത്രം പ്രവൃത്തിനിർവഹണം നടത്തുന്നതിനും മേലിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മാർഗ്ഗരേഖകൾ ലംഘിച്ച് എയ്ഡഡ് സ്കൂളുകൾക്ക് വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും - പ്രോജക്റ്റ് നമ്പർ - 297/21, സ്കൂളുകൾക്ക് പ്രിന്റർ - പ്രോജക്റ്റ് നമ്പർ - 97/21, സ്കൂൾ ലൈബ്രറിക്ക് ഷെൽഫ് - പ്രോജക്റ്റ് നമ്പർ - 505/21 എന്നീ പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ എയ്ഡഡ് സ്കൂളുകൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. 29.1.2018 ലെ സ.ഉ(കൈ)നം.11/18 തസ്വഭവ ഖണ്ഡിക 7.6(2) പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആകണം മുൻഗണന നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും - എയ്ഡഡ് സ്കൂളുകൾക്ക് നൽകി
നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ – 297/21

പ്രോജക്റ്റ് - എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും

അടങ്കൽ – 5,96,800/-രൂപ

ചെലവ് - 5,92,200/-രൂപ

ബിൽ നമ്പർ 1/17-4-20– 4,03,200/-രൂപ

ബിൽ നമ്പർ 2/17-4-20– 1,89,000/- രൂപ

എൽ. പി. സ്കൂളിന് ബഞ്ചും ഡസ്കും എന്ന പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് ബഞ്ചും ഡസ്കും വാങ്ങി നൽകിയിരിക്കുന്നു. ആയതിൽ താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്ക് ബഞ്ചും ഡസ്കും നൽകിയിരിക്കുന്നു.

| സ്കൂൾ | എണ്ണം |
|---|---|
| പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ | 12 |
| സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂൾ ചെമ്പനരുവി | 13 |
| സെന്റ് മേരീസ് എൽ. പി. സ്കൂൾ | 7 |

എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്രമവിരുദ്ധമാണ്. ആയതിനാൽ ഈയിനത്തിൽ 2,01,600/- (6,300x32) രൂപാ ക്രമവിരുദ്ധമായി നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർക്കാർ ഉത്തരവ് (സാ.ധാ) നം. 2331/2019/തസ്വഭവ തീയതി 22/10/2019 പ്രകാരമാണ് നൽകിയത് എന്നും സർക്കാർ സ്കൂളുകൾക്ക് നൽകിയതിനുശേഷം ആണ് എയ്ഡഡ് സ്കൂളുകൾക്ക് നൽകിയത് എന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. പ്രസ്തുത സർക്കാർ ഉത്തരവ് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ഡിജിറ്റൽ പ്രൊജക്റ്ററും മൈക്ക് സെറ്റും വാങ്ങുന്നതിനു വേണ്ടിയുള്ള അനുമതി നൽകിയ ഗവൺമെന്റ് ഉത്തരവ് ആണ് . ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,01,600/- (6,300x32) രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

പത്തനാപുരം ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ 24.02.20 തീയതിയിലെ പി3/1611/19 നമ്പർ കത്ത് പ്രകാരം 94 ബഞ്ചും ഡെസ്കും പരിശോധിച്ചതിൽ 6 ബഞ്ചും 7 ഡെസ്കും ഒഴികെയുള്ളവ ഗുണനിലവാരമുള്ള ആഞ്ഞിലിത്തടിയിൽ പണി തീർത്തവയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 94 എണ്ണം വിതരണം ചെയ്തതിന്റെ രേഖയാണ് നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഹാജരാക്കിയിരിക്കുന്നത്. ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തതിന് കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആറ് ബഞ്ചും ഏഴ് ഡസ്കും മാറ്റി ഗുണമേന്മ ഉള്ളവയാണ് നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകളും ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ ഗുണമേന്മാ പരിശോധനാ റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 41,400/-(3,600x7+2,700x6) രൂപയുടെ ചെലവും ഓഡിറ്റിൽ

നിരാകരിക്കുന്നു. ആകെ 2,43,000/-രൂപ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

നിരാകരിച്ച തുക – 2,43,000/- രൂപ

ബി) സ്കൂളുകൾക്ക് പ്രിന്റർ-എയ്ഡഡ് സ്കൂളുകൾക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ – 97/21

പ്രോജക്ട് - സ്കൂളുകൾക്ക് പ്രിന്റർ

അടങ്കൽ – 75,000/-രൂപ (തനതുഫണ്ട്)

ചെലവ് - 74,500/-രൂപ

ചെക്ക് നമ്പർ – 2736870/27-10-20

ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് പ്രിന്റർ വാങ്ങാനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾക്കും ആനുകൂല്യം നൽകി.

അനു ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ 19-10-20 തീയതിയിലെ 26 നമ്പർ ഇൻവോയ്സ് പ്രകാരം 5 പ്രിന്റർ വാങ്ങിയതിൽ ഒരെണ്ണം പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ എന്ന എയ്ഡഡ് സ്കൂളിന് നൽകിയിരിക്കുന്നു.

എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതു വഴി 14,900/- രൂപാ ക്രമവിരുദ്ധമായി ചെലവഴിച്ചു. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുട്ടികൾക്കാവശ്യമായ വർക്ക് ഷീറ്റും മറ്റു കെയ്സ് സ്റ്റഡി എന്നിവ എളുപ്പത്തിൽ നടത്താൻ കഴിഞ്ഞു എന്ന മറുപടിയാണ് നൽകിയത്. ആയത് അംഗീകരിക്കുന്നില്ല. എയ്ഡഡ് സ്കൂളുകൾക്ക് പ്രിന്റർ വാങ്ങി നൽകിയതു വഴി ചെലവഴിച്ച 14,900/- രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

നിരാകരിച്ച തുക - 14,900/- രൂപ

സി) സ്കൂൾ ലൈബ്രറിക്ക് ഷെൽഫ് – എയ്ഡഡ് സ്കൂളുകൾക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ - 505/21

പ്രോജക്ട് - സ്കൂൾ ലൈബ്രറിക്ക് ഷെൽഫ്

അടങ്കൽ – 85,000/- രൂപ

ചെലവ് – 84,990/- രൂപ

ബിൽ നമ്പർ – 5/22-12-21

KICKO ബിസിനസ് കോർപ്പറേഷന്റെ 30-11-20 തീയതിയിലെ 105 നമ്പർ ഇൻവോയ്സ് പ്രകാരം 7 എണ്ണം അലമാരകൾ വാങ്ങിയതിൽ 4 എണ്ണം താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്ക് നൽകിയിരിക്കുന്നു.

| സ്കൂൾ | എണ്ണം |
|---|---|
| പി.എൻ.കെ.എം. യു.പി.സ്കൂൾ കറവൂർ | 1 |
| സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂൾ ചെമ്പനരുവി | 1 |

| | |
|---|---|
| സെന്റ് മേരീസ് എൽ. പി. സ്കൂൾ | 1 |
| എസ്.എൻ. യു. പി.സ്കൂൾ | 1 |

എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. ഇതുവഴി 48,564/- (12141x4) രൂപാ ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുട്ടികളുടെ മാതൃഭാഷാ പഠനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിഞ്ഞു എന്നറിയിച്ചത് അംഗീകരിക്കുന്നില്ല. എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയത് വഴി അധികം ചെലവഴിച്ച 48,566/-രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/20-21

നിരാകരിച്ച തുക – 48,564/- രൂപ

മേൽ പദ്ധതികളിലൂടെ എയ്ഡഡ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതിലൂടെ ചെലവഴിച്ച (243000 + 14,900 + 48,564) 3,06,464/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-2 പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽനിർമ്മാണം : ചെലവ് തുക 2,83,324/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ. SO 479/2020-21, കമുകുംചേരി വിജ്ഞാനോദയം ലൈബ്രറി മെയിന്റനൻസ്.
നിർവ്വഹണാധികാരി : അസിസ്റ്റന്റ് എഞ്ചിനീയർ.
അടങ്കൽ തുക - 3,00,000/- രൂപ (ഡെവലപ്മെന്റ് ഫണ്ട് ജനറൽ. 1,00,000/-; ബ്ളോക്ക് ഷെയർ. 2,00,000/-)
ചെലവ് : 2,83,324/-രൂപ (ബിൽ നം. 122/22.10.20: 1,00,000/-;ബിൽ നം. 127/09.11.20: 1,83,324/-)
എം ബുക്ക് നം. 164/19-20.
കരാറുകാരൻ: ശ്രീ. രാമചന്ദ്രൻ പിള്ള.
കരാർ നം. 167/AE/LSGD/PVR/19-20/16.03.2020.
കമുകുംചേരി വിജ്ഞാനോദയം ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടി പെയിന്റിങ് നടത്തുന്നതിനായി പദ്ധതിആസൂത്രണം ചെയ്യുകയും 3,00,000/- രൂപ അടങ്കൽ തുകയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്തു.
ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ,പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിനായാണ് ചുറ്റുമതിൽ കെട്ടി പെയിന്റുചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കി,എസ്റ്റിമേറ്റ് എടുത്ത്, ടെൻഡർ ക്ഷണിച്ച് കരാറുകാരനെ കണ്ടെത്തി പദ്ധതി നടപ്പിൽ വരുത്തിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. പഞ്ചായത്തിന്റേതല്ലാത്തതും കൈമാറികിട്ടാത്തതുമായ ലൈബ്രറി കെട്ടിടത്തിന് ചുറ്റുമതിൽ കെട്ടാൻ തുക ചെലവഴിച്ചിട്ടുള്ളത് അംഗീകരിക്കുന്നില്ല.
അപാകതയ്ക്കുമേൽ പദ്ധതിനിർവ്വഹണാധികാരിക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry No.8/28.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദീകരണങ്ങളുടെ അഭാവത്തിലും, പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി കെട്ടിടത്തിനായിട്ടാണ് മേൽപരാമർശിച്ച വിധത്തിൽ തുക ചെലവഴിച്ചിരിക്കുന്നത് എന്നതിനാലും 2,83,324/- രൂപായുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കവരുത്തേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തി-സ്റ്റെപ്പ് നിർമ്മാണം:അളവുകൾ രേഖപ്പെടുത്തിയതിൽ അപാകത:16684/-രൂപായുടെ ചെലവുകൾ നിരാകരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണാധികാരത്തിൽ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന കോൺക്രീറ്റ് സ്റ്റെപ്പ് നിർമ്മാണ പ്രവൃത്തികളുടെ അളവുകൾ എം ബുക്കുകളിൽ

രേഖപ്പെടുത്തിയപ്പോൾ, എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായതിലും അധികമായി രേഖപ്പെടുത്തി കാണുന്നു. സ്ഥലപരിശോധനയിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ ഇരട്ടി അളവാണ് എം ബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ – 159/21, കടയ്ക്കാമൺ റോഡ് പുറമ്പോക്ക് സ്റ്റെപ്പ് നിർമ്മാണം

അടങ്കൽ തുക. 1,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ്. 77,263/- രൂപ (ബിൽ നം. 195/23.02.2021)

കരാറു കാരൻ. ശ്രീ. ജോർജ് സാമുവൽ.

കരാർ നം. 88/AE/LSGD/PVR/20-21തീയതി. 05.11.2020

എം.ബുക്ക് നം. 164/19-20

എസ്റ്റിമേറ്റിലെ 2-ാം ഇനമായി Od979405/20-21,c Onstruction Of Plain Cement Concrete Pavement....

ഉപയോഗിച്ചുള്ള സ്റ്റെപ്പ് നിർമ്മാണ പ്രവൃത്തി ആകെ 2.29m$^3$ അളവിൽ ചെയ്തതിന് ബിൽ തുക കണക്കാക്കിയിട്ടുണ്ട്. ഇതിൽ ചുവടെ ചേർക്കുന്ന അളവുകളിൽ അപാകത കാണുന്നു.

| എണ്ണം | നീളം(L) | വീതി(B) | ഘനം(D) | ആകെ |
|---|---|---|---|---|
| 5 | 2 | 0.4 | 0.19 | 0.76 |
| 1 | 2 | 0.9 | 0.15 | 0.27 |
| | | | ആകെ | 1.03 M$^3$ |

മേൽ സ്റ്റെപ്പുകൾക്ക് മുൻവശത്ത് പരാമർശ ഉയരം ഉണ്ടെങ്കിലും ത്രികോണ സ്തൂപികാകൃതിയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത് എന്ന് ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാകുന്നു. അതായത് 1.03/2 = 0.515m$^3$ അളവ് മാത്രമാണ് യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. 0.515m$^3$ ന് 8079.39/m$^3$ രൂപാ നിരക്കിൽ 4,161/- രൂപ അധിക ചെലവായതായി ഓഡിറ്റിൽ ബോധ്യപ്പെട്ടു.

2.പ്രോജക്ട് നമ്പർ – 512/21, തച്ചക്കോട് മുരുപ്പേൽ റോഡ് സ്റ്റെപ്പ് & കോൺക്രീറ്റ്.

അടങ്കൽ തുക. 2,00,000/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ്. 184366/- രൂപ (ബിൽ നം.188/11.02.2021)

കരാറു കാരൻ. ശ്രീ. സി. ജോസഫ്.

കരാർ നം. 82/AE/LSGD/PVR/20-21തീയതി.04.11.2020

എം.ബുക്ക് നം. 164/19-20

എസ്റ്റിമേറ്റിലെ 2-ാം ഇനമായി Od969103/20-21, Construction Of Plain Cement Concrete Pavement....

ഉപയോഗിച്ചുള്ള സ്റ്റെപ്പ് നിർമ്മാണ പ്രവൃത്തി 19 സ്റ്റെപ്പുകളുടെ നിർമ്മാണത്തിനായി ചുവടെ ചേർക്കുന്ന പ്രകാരം ആകെ 3.1m$^3$ അളവിൽ ചെയ്തതിന് ബിൽ തുക കണക്കാക്കിയിട്ടുണ്ട്.

| എണ്ണം | നീളം(L) | വീതി(B) | ഘനം(D) | ആകെ |
|---|---|---|---|---|
| 6 | 2.35 | 0.35 | 0.15 | 0.74 |
| 1 | 2.38 | 0.45 | 0.15 | 0.16 |
| 1 | 2.38 | 0.80 | 0.15 | 0.29 |
| 10 | 2.38 | 0.50 | 0.15 | 1.79 |
| 1 | 2.38 | 0.35 | 0.15 | 0.12 |
| | | | ആകെ | 3.10m$^3$ |

ത്രികോണാകൃതിയിലാണ് സ്റ്റെപ്പുകൾ നിർമ്മിക്ക്പ്പെട്ടിരിക്കുന്നത് എന്ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിലും വ്യക്തമാകുന്നു. അതായത് 3.10/2 = 1.55m$^3$ അളവ് മാത്രമാണ് യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത്. 1.55m$^3$ ന് 8079.39/m$^3$ രൂപാ നിരക്കിൽ 12,523/- രൂപായുടെ അധിക ചെലവുണ്ടായതായി ഓഡിറ്റിൽ കണക്കാക്കുന്നു.

അംഗീകൃത എസ്റ്റിമേറ്റിലും മേൽ ത്രികോണ സ്തൂപിക അളവുകളുടെ പകുതിയളവാണ്(L*B*D/2) കണക്കിലെടുത്തിരിക്കുന്നത്. അപാകതകൾക്കുമേൽ, പദ്ധതി നിർവ്വഹണാധികാരിയുടെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry No. 9/28.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപരാമർശ സാഹചര്യങ്ങൾ കണക്കിലെടുത്ത് രണ്ടുപ്രവൃത്തികളിലുമായി 16,684/- രൂപായുടെ ചെലവുകൾ ഓഡിറ്റിൽ നിരാകരിക്കുന്നു. 16,684/-രൂപ പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23.01.22 | കെ.എസ്.എ.കെ.എൽ.എം.പി.9/174/22 തീയതി – 14.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 10,00,000 | ലൈഫ് | 10,00,000 | |
| " | " | 2,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| " | " | 2,00,000 | അനുപൂരക പോഷകാഹാര പദ്ധതി | 2,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 2,02,500 | വന്യമൃഗങ്ങളിൽ നിന്നും വിള സംരക്ഷണം | 2,02,500 | 0 |
| " | " | 29,24,750 | ലൈഫ് ഭവന പദ്ധതി ജനറൽ | 29,24,750 | 0 |
| " | " | 4,65,515 | പാലിയേറ്റീവ് | 4,65,515 | 0 |
| " | " | 50,000 | അനുപൂരക പോഷകാഹാര പദ്ധതി | 50,000 | 0 |
| " | " | 6,96,928 | പുന്നല നെല്ലിരിപ്പ് റോഡ് റീടാറിംഗ് | 6,96,928 | 0 |
| " | 2019-20 | 2,98,629 | മുല്ലശ്ശേരിപ്പടി കോഴൂർപടി റോഡ് (331) | 2,98,629 | 0 |
| " | " | 1,26,067 | കൈലാസംകുന്ന് മലങ്കാവ് റോഡ് കോൺക്രീറ്റ് (338) | 1,26,067 | 0 |
| " | " | 99,438 | പറലോഡ് കണ്ടകുളം റോഡ് കോൺക്രീറ്റ് | 99,438 | 0 |
| " | " | 1,38,649 | ചെന്നിലണ്‍ കാഷ്യൂ ഫാക്ടറി റോഡ് | 1,38,649 | 0 |
| " | " | 6,71,933 | മുണ്ടകോൺ കറവൂർ റോഡ് | 6,71,933 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കോൺക്രീറ്റ് SCP | | |
| " | " | 99,729 | പന്ത്രണ്ടാം നമ്പർ അംഗൻവാടി റോഡ് കോൺക്രീറ്റ് | 99,729 | 0 |
| " | " | 2,00,000 | അലിമുക്ക് – പടയണിപ്പാറ | 2,00,000 | 0 |
| " | " | 99,803 | പടുകഴി റോഡ് | 99,803 | 0 |
| " | " | 48,915 | പുന്നല നെല്ലിരുപ്പ് കനാൽറോഡ് കോൺക്രീറ്റ് | 48,915 | 0 |
| " | " | 1,83,324 | കമുകംചേരി വിജ്ഞാനോദയം ലൈബ്രറി മെയിന്റനൻസ് | 1,83,324 | 0 |
| " | " | 1,30,670 | പാലിന് സബ്സിഡി | 1,30,670 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പെരുന്തോയിൽ മൈക്കാമൺ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 36/20-21/ 31-3-21 | 15,00,000 | 0 | 15,00,000 |
| | കുര്യോട്ടുമല കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ | 7/20-21/ 8-5-20 | 11,13,000 | 0 | 11,13,000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 28/20-21/ 25-3-21<br>22000146/ 2-1-20<br>22000299/ 21-7-20<br>2936873/ 28-10-20<br>2936874/ 28-10-20<br>22000934/ 5-1-21<br>22001023/ 25-1-<br>22001249/ 22-3-21 | 19866<br>5815<br>5266<br>84696<br>10524<br>19849<br>9265<br>45515 | 0 | 19866<br>5815<br>5266<br>84696<br>10524<br>19849<br>9265<br>45515 |
| | മുള്ളുമല ചെമ്പനരുവി കുടിവെള്ള പദ്ധതിക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ | 4/20-21 /8-5-20 | 54,386 | 0 | 54,386 |
| കേരള ഭൂജല | വെരുകുഴി കുടിവെള്ള | 5/20-21 | 91,326 | 0 | 91,326 |

| | | | | | |
|---|---|---|---|---|---|
| വകുപ്പ് | പദ്ധതി | /8-5-20<br>35/20-21<br>/31-3-21 | 7059 | | 7059 |
| | കുറുന്തമൺ കുടിവെള്ള പദ്ധതി | 1/20-21<br>/8-5-20 | 93,906 | 0 | 93,906 |
| | വലിയറ പച്ച കുടിവെള്ള പദ്ധതി | 3/20-21<br>/8-5-20<br>34/20-21<br>/31-3-21 | 88,746<br>6,99,254 | 0 | 88,746<br>6,99,254 |
| | കുടശ്ശേരി - ഉമ്മന്നൂർ കുടിവെള്ള പദ്ധതി | 2/20-21<br>/8-5-20 | 94,766 | 0 | 94,766 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 58,20,000/- രൂപ വരവുണ്ട്. മുൻബാക്കി 27,90,000/- രൂപയടക്കം 86,10,000/-രൂപയിൽ 65,40,600/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്.)111/2018 തീയതി 13.08.18 | 58,20,000 | 4,30,88,673 | 36,58,118 | - | 4,52,50,555 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2018-19 | 1-14 | 9600 | HM, GLPS, എലിക്കാട്ടൂർ<br>HM, ശാലേം മാർത്തോമാ സ്കൂൾ<br>സെക്രട്ടറി, എസ്.സി.ബി. പുന്നല | 120010102481/30.11.20<br>120010103066/12.01.21<br>120010103255/19.01.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,06,464/- | ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ |
| 3-2 | | 2,83,324/- | ശ്രീമതി ആശ. വൈ. വി, അസി. എഞ്ചിനീയർ |
| 3-3 | | 16,684/- | ശ്രീമതി ആശ. വൈ. വി, അസി. എഞ്ചിനീയർ |
| ആകെ | | 6,06,472/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 2,61,360/- | ശ്രീമതി ആശ. വൈ. വി, അസി. എഞ്ചിനീയർ |
| 1-28 | 15,36,130/-<br>47,57,109/-<br>50,000/- | ശ്രീ. അനസ്, സെക്രട്ടറി<br>ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി<br>ശ്രീ. ശ്രീകുമാർ. ജി, സെക്രട്ടറി ഇൻ ചാർജ് |
| 1-29 | 63,090/- | ഡോ. അലോഷ്യസ്, വെറ്ററിനറി സർജൻ |
| ആകെ | 66,67,689/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജനാർദ്ദനൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്, പിറവന്തൂർ | പൂന്തോണ്ടത്തിൽ മേലതിൽ, ഇളമംഗലം, ഏനാത്ത് പി. ഒ, |

| | | |
|---|---|---|
| ശ്രീമതി ആശ. വൈ. വി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ പിറവന്തൂർ ഗ്രാമപഞ്ചായത്ത് | എസ്. എ. കോട്ടേജ്, വെള്ളിമൺ ഈസ്റ്റ് പി. ഒ, കുണ്ടറ |
| ഡോ. അലോഷ്യസ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | കൊച്ചുപാട്ടത്തിൽ, കൊട്ടിയം പി. ഒ, കൊട്ടിയം |
| ശ്രീ. അനസ്, സെക്രട്ടറി | സെക്രട്ടറി തൃക്കണ്ണപുരം ഗ്രാമപഞ്ചായത്ത് | തെങ്ങുവിള വീട്, കുണ്ടറ പി. ഒ, കുണ്ടറ |
| ശ്രീ. മണികണ്ഠൻ. ആർ, സെക്രട്ടറി | വിരമിച്ചു | അനുപമ, മൈലാട്ടുംപാറ, പാരിപ്പള്ളി പി. ഒ. |
| ശ്രീ. ശ്രീകുമാർ. ജി, അസി. സെക്രട്ടറി | അസി. സെക്രട്ടറി പിറവന്തൂർ ഗ്രാമപഞ്ചായത്ത് | കലാഭവൻ, മരുതമൺഭാഗം, തെക്കേച്ചേരി (പി.ഒ), പട്ടാഴി. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി8-1274/02;18.09.03 | 9 |
| 1998-99 | എൽ.എഫ്.ക്യൂ.പി8-92/03;13.04.04 | 13 |
| 1999-00 | എൽ.എഫ്.ക്യൂ.പി5-1364/04;07.09.05 | 10 |
| 2000-01 | എൽ.എഫ്.ക്യൂ.പി5-1365/04;16.11.05 | 10 |
| 2001-02 | എൽ.എഫ്.ക്യൂ.പി5-1366/04;17.07.06 | 8 |
| 2002-03 | എൽ.എഫ്.ക്യൂ.പി5-1107/07;5.1.08 | 5 |
| 2003-04 | എൽ.എഫ്.ക്യൂ.പി5-1107/07;5.1.08 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി5-1255/08;13.05.09 | 12 |
| 2005-06 | എൽ.എഫ്.ക്യൂ.പി5-1255/08;13.05.09 | 8 |
| 2006-07 | എൽ.എഫ്.ക്യൂ.പി5-346/10;16.9.10 | 6 |
| 2007-08 | എൽ.എഫ്.ക്യൂ.പി5-278/2011;3.8.11 | 11 |
| 2008-09 | എൽ.എഫ്.ക്യൂ.പി5-1546/2011;19.06.14 | 17 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ.പി5-1280/12/14;19.06.14 | 13 |
| 2011-12 | എൽ.എഫ്.ക്യൂ.പി5-973/13;13.8.13 | 24 |
| 2012-13 & 13-14 | എൽ.എഫ്.ക്യൂ.പി.5-425/15;1.4.15 | 29 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം-പി5-1126 /16;27.7.16 | 10 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം-പി9-1312/16;8.7.16 | 11 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം-പി9-1910/17;3.11.17 | 18 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം-പി9-195/19;3.5.19 | 24 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം-പി.9/386/2020/ 11/06/2020 | 11 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/കെ.എൽ.എം-പി.9/ | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്